بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 16/05/14

## (16 RAJAB 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

2014 മാർച്ച് 14 ചൊവ്വാഴച്ച രാത്രി.കേരളത്തിലെ എന്റെ അനുചരന്മാർ ഒരുവാർത്ത എന്നെ അറിയിയ്ക്കുകയുണ്ടായി.അഹ്മദിയ്യാ ജമാ അത്തിനുവേണ്ടി പണിയെടുക്കുന്ന, മൗറീഷ്യസിൽ നിന്നുള്ള ഒരാൾ കേരളത്തിലെത്തി വ്യാജമായ ഊഹപോഹങ്ങളും ആരോപണങ്ങളും പ്രചരിപ്പിയ്ക്കുന്നു. ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ, ഓകസിജൻ മാസ്ക്കുകൾ ധരിച്ച് കിടത്തിയിരുന്നൊരു ശിശുവിന്റെ മരണത്തിൽ ഞാൻ കാരണക്കാരനായി എന്നാതാണ് ആരോപിക്കപ്പെടുന്നത്. ആരോപണ പ്രകാരം, സാങ്കേതിക പുരോഗതിയ്ക്കും മെഡിക്കൽ ഉപകരണങ്ങൾക്കും ഞാൻ എതിരാണ്. അങ്ങനെ, ആശുപത്രിയിൽ നിന്നും കുട്ടിയെ മാറ്റാൻ ഞാൻ കല്പന നല്കി, അവനുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ തീരുമാനിച്ചതിലൂടെ ആ മരണത്തിന് ഞാൻ വഴിവച്ചു എന്നാണ് ആരോപിക്കപ്പെടുന്നത്. മൗറീഷ്യസിൽ നിന്നുള്ള ഈ അഹ്മദി ഒരു പെരുങ്കള്ളനാണ്. അയാൾ വ്യാജകഥകൾ പടച്ചുവിട്ട്, സീമകൾ ലംഘിച്ച്, ജനങ്ങളെ തെറ്റിദ്ധരിപ്പിയ്ക്കുന്നു.

ഒന്നാമതായി,ഓക്സിജൻ മാസ്ക്ക് ഉപയോഗിക്കേ അവസ്ഥയിൽ, ആശുപത്രയിൽ അഡ്മിറ്റുചെയ്യപ്പെട്ട ഒരു ആൺകുട്ടിയുടെയും പ്രശ്നങ്ങൾ ഇവിടെ ഉണ്ടായിട്ടില്ല. വസ്തുതറ്റൊന്നാണ്. 22 വയസ്സ് പ്രായമുള്ള, ഒരു യുവാവ് എന്റെ ശിഷ്യനായി, ദീൻ ജോലികളിൽ പൂർണ്ണമനസ്സോടെ മുഴുകി, ഒപ്പം പ്രവർത്തിയ്ക്കാൻ ഈ വിനീതന്റെ- ഖലീഫത്തുല്ലാ, മുഹ്‌യുദ്ദീൻ- കൂടെ ഉണ്ടായിരുന്നു. ആ യുവാവ് ഒരു ഫാക്ടറിയിലാണ് ജോലി ചെയ്തിരുന്നത്. എഞ്ചിനീയറായ അവന്റെ അമ്മാവൻ, ജോലിസ്ഥലത്ത് ഏറെ ബുദ്ധിമുട്ടിച്ചിരുന്നു. അവനും അവന്റെ കുടുംബവും ദിവ്യപ്രഭാവത്തിൽ വിശ്വസിച്ചതിന്റെ കാരണത്താലായിരുന്നു ഈ പീഡനങ്ങൾ. ജമാഅത്തു ജോലികളിൽ പ്രാഗത്ഭ്യത്തോടെ ആ യുവാവ് സന്നദ്ധനായിരുന്നു. ജമാഅത്ത് പരിപാടികളുടെ ഓഡിയോ റെക്കോർഡിംഗ് ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുകയുായി. വിശേഷിച്ചു ഖുത്തുബാ പ്രഭാഷണങ്ങളും ദൈവീക വെളിപാടുകളും മറ്റു പ്രധാന പ്രസംഗങ്ങളും റെക്കോഡ് ചെയ്തിരുന്നു. രാത്രി വളരെ വൈകിയും, പലപ്പോഴും, ആ യുവാവ് കർമ്മനിരതനായിരുന്നു. ദീൻ കാര്യങ്ങൾക്കായ് തന്റെ സമയം ചെലവഴിക്കുന്നതിൽ അവൻ ശ്രദ്ധ ചെലുത്തിയിരുന്നു. അല്ലാഹുവിന്റെ ദാസനായ ഈ വിനീതന്റെ സത്യതയിലേക്ക് പല ദൈവീക അടയാളങ്ങളും അവൻ ദർശിക്കുകയുണ്ടായി. ജമാഅത്തിന്റെ **ലോഗോ** തയ്യാറാക്കുന്ന കാര്യത്തിൽ ഞാൻ അവന് ഉപദേശം നല്കുകയുണ്ടായി. അതനുസരിച്ച്, രാവും പകലും ഈ കാര്യത്തിൽ അവൻ ഉത്സാഹിച്ചു. മരണത്തിനു മുമ്പേ, ഈ ജോലി പൂർത്തിയാക്കാനും അവനു കഴിഞ്ഞു.

അവനെ സംബന്ധിച്ച് ഒരു സ്മരണ ഇന്ന് ലോകത്തോട് പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. ജമാഅത്തിന്റെ ലോഗോയും മറ്റു സ്കെച്ചുകളും തയ്യാറാക്കി, ആമില മീറ്റിംഗിൽ അംഗീകരണത്തിനായ് സമർപ്പിക്കുവാൻ ഈ യുവാവിനെ ചുമതലപ്പെടുത്തിയിരുന്നു, അപ്രകാരം തയ്യാറാക്കിയ, ലോഗോയും സ്കെച്ചുകളും ഈ വീനീതനു കൈമാറുന്നതിനു വേണ്ടി, അവൻ തന്റെ മാതാവിനെയാണ് ഏല്പിച്ചത്. അവന്റെ പിതാവ് ജമാഅത്തിന്റെ അതായത് ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. എന്നിട്ടും പിതാവിനെ ഈ പേപ്പറുകൾ ഏല്പിച്ചില്ല. ജനറൽ സെക്രട്ടറിയായ പിതാവിനെ പേപ്പറുകൾ ഏല്പിക്കാത്തതെന്തെന്ന് അവന്റെ മാതാവ് അവനോട് അന്വേഷിക്കുകയുായി. മാതാവ് പറഞ്ഞകാര്യത്തോട് അവനു വിയോജിപ്പായിരുന്നു. നേരിട്ട്, ഈ വിനീതന്റെ കൈയിൽ ആ രേഖകൾ ഏല്പിക്കണമെന്ന് മകൻ മാതാവിനോട് നിർദ്ദേശിക്കുകയും ചെയ്തു. ആമില മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ നിനക്കുതന്നെ ഇതു നല്കാമല്ലോ എന്ന് മാതാവ് പറഞ്ഞു. ഞാൻ അവിടെ ഉണ്ടാകില്ല നിങ്ങൾ തന്നെ നല്കണം എന്നു മകൻ ഉറപ്പിച്ചു പറഞ്ഞു. ദുഖത്താൽ അവന്റെ കണ്ണ് നിറഞ്ഞിരുന്നു. അപ്പോൾ പിതാവിനു പകരം,

മാതാവ് തന്നെ ഈ രേഖകൾ നേരിട്ട് എത്തിയ്ക്കണമെന്ന കാര്യത്തിൽ അവനു സംശമില്ലായിരുന്നു. അവന്റെ മാതാവിനോ കുടുംബത്തിനോ അത് അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം അവൻ ആരോഗ്യവാനും,സാമാന്യത്തിലധികം നീളവും ശാരീരിക സവിശേഷതകളും എപ്പോഴും ചുണ്ടത്തൊരു ചിരി സൂക്ഷിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ ജമാഅത്ത് കാര്യങ്ങൾ ചെയ്യുന്നതിൽ യാതൊരു ക്ഷീണവും അവൻ അറിഞ്ഞില്ല, അല്ലാഹുവിൽ നിന്ന് മുഹ്‌യിദ്ദീനിൽ ഇറങ്ങുന്ന ദിവ്യജ്ഞാനങ്ങളും വെളിപാടുകളും ഉടനുടൻ മനസ്സിലാക്കുവാൻ എപ്പോഴും മുഹ്‌യിദ്ദീനൊപ്പം ഉണ്ടാകുവാൻ അവൻ ആഗ്രഹിച്ചു. സുന്നിക ളായ മുസ്ലിം സുഹൃത്തുക്കളോടും ബന്ധുക്കളായ അഹ്മദി സഹോദരന്മാരോടും തബ്‌ലീഗ് ചെയ്യാൻ അവൻ എപ്പോഴും ഉത്സാഹംകാട്ടി.

പിതാവിന്റെ രീതികളുമായി ഒത്തുപോകാൻ അവനുകഴിഞ്ഞില്ല. അല്ലാഹു (ത) സ്വപ്നങ്ങളിലൂടെ യും ദർശനങ്ങളിലൂടെയും അവന് കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുത്തിരുന്നുവെന്ന് പിന്നീട് നമുക്ക് അറിയാൻ കഴിഞ്ഞു. പിതാവ് കപടനും കുഴപ്പകാരനുമായി ജനറൽ സെക്രട്ടറിസ്ഥാനം ദുരുപയോഗം ചെയ്തു. ജമാഅത്തിനെ സംബന്ധിച്ച് എല്ലാവിവരങ്ങളും മറ്റുള്ളവർക്കു ചോർത്തി നൽകി, സ്വന്തം പ്രസ്ഥാ നത്തിനെതിരിൽ ശത്രുക്കളെ ശക്തരാക്കുകയായിരുന്നു അയാളുടെ തന്ത്രം.

ഒരു വെള്ളിയാഴ്ച്ചയാണ്, യുവാവ് മരണമടഞ്ഞത്. തലെന്നു രാത്രി മുഴുവൻ ജോലികളിൽ മുഴു കിയതിനാൽ, അന്നു രാവിലെ, ജോലിക്കുപോകുവാൻ താമസിച്ചു. ജോലിസ്ഥലത്ത് പെട്ടെന്നു എത്തിച്ചേ രാൻ വീട്ടിൽ നിന്നു തിടുക്കത്തിൽ ഇറങ്ങിതിരിച്ചു. ആ സമയത്ത് മാതാവ് മറ്റൊരു മുറിയിലിരുന്നു. ഖുർആൻ ഓതുകയായിരുന്നു. പോകുമ്പോൾ അസ്സലാമു അലൈക്കും എന്ന് ഉറക്കെ പറഞ്ഞു കൊണ്ടാണ് വീടു വിട്ടത്. ആ മാതാവ് പിന്നീട് ഓർക്കുകയുണ്ടായി .ഉച്ചത്തിലുള്ള സലാം ആ വീട് മുഴുവൻ പ്രതിധ്വനി യ്ക്കുകയുണ്ടായി. സലാം മടക്കി, ജനാലയിലൂടെ ആ മാതാവ് മകനെ നോക്കിയെങ്കിലും, കാണാൻ കഴി ഞ്ഞില്ല. ജോലിസ്ഥത്തേക്കു ബസ് പിടിക്കാൻ എത്രയും വേഗം അവൻ പോയിട്ടുണ്ടാകും. എന്ന് മാതാവ് കരുതി. കാറിൽ ഒരു ലിഫ്റ്റ് കൊടുത്തില്ലല്ലോ എന്നോർത്ത് ആ മാതൃഹൃദയം നൊമ്പരപ്പെട്ടു.

ആ ദിവസം ഉച്ചയ്ക്ക് 12.45 ന് മകൻ,മാതാവിന് ഒരു .SMS അയച്ചു, മൊബൈൽ ഫോണിൽ. ഖുത്തുബാ പ്രഭാഷണം റെക്കോർഡ് ചെയ്യാൻ തന്റെ സഹോദരിയോട് പറയാൻ ഓർമ്മിപ്പിക്കുകയായിരുന്നു. മറ്റൊരു സന്ദേശം കുടി പുറമേ അയച്ചു. തനിയ്ക്കുവേണ്ടി കൂടുതലായി പ്രാർത്ഥിയ്ക്കാൻ ആവശ്യപ്പെട്ടു. ജോലിസ്ഥലത്തെ അവന്റെ അമ്മാവന്റെ മറ്റു സഹപ്രവർത്തകരും സാക്ഷികളായിരിക്കെ, ഉച്ചതിരിച്ച് മൂന്നുമ ണിയോടെ അവന് പെട്ടെന്ന് സുഖമില്ലാതെ വന്നു. തന്റെ അമ്മാവനോട് ഫാക്ടറി ഡോക്ടറെ വിളിച്ച്, മരുന്നു കുറിയ്ക്കാൻ ആവശ്യപ്പെടാൻ പറഞ്ഞു. ആ അസുഖാവസ്ഥയിൽ, മരുന്നു കഴിച്ചതോടെ, അവനെ എത്രയും പെട്ടെന്ന് നഗരത്തിലെ ദൂരെയുള്ള ആശുപത്രിയിൽ കൊണ്ടു പോകുന്നതിനു വേണ്ടി കാറിൽ പുറപ്പെട്ടു. അത്യാഹിത വിഭാഗത്തിലേക്കു പെട്ടെന്ന് എത്തുന്നതിനു വേണ്ടി, കാർ ലൈറ്റുകൾ പ്രകാശി പ്പിച്ചു. പക്ഷേ, ആശുപത്രിയിലെത്തുന്നതിനു മുമ്പേ, യാത്രമദ്ധ്യേ, അവൻ മരണപ്പെട്ടു.

ഈ ദുരന്ത സമയത്ത്, ജമാഅത്ത് അംഗങ്ങളൊക്കെ ആശുപത്രയിൽ ഉണ്ടായിരുന്നു. അവന്റെ മാതാവിന് അവരുടെ സഹോദരനിൽ നിന്നും ഒരുപാട് ഫോൺ കാളുകൾ ലഭിച്ചു. പെട്ടെന്ന് ആശുപത്രി യിൽ എത്തിചേരുക. മകൻ മരിച്ച വിവരം മാതാവിൽ നിന്നും പക്ഷേ, മറച്ചുവച്ചു. ആശുപത്രിയിലേക്കുള്ള യാത്രയിൽ ഞാനും മാതാവിനൊപ്പം ഉണ്ടായിരുന്നു. ആശുപത്രി വളരെ അകലെയായിരുന്നു. ട്രാഫിക് ജാം അതിനു പുറമേ പോകുന്ന വഴിയിലും. ഞങ്ങൾ അത്യാഹിത വിഭാഗത്തിൽ എത്തിയപ്പോൾ, ഡോക്ടർമാരും ഹെഡ്നേഴ്സും കരുതിയത് ഞാൻ പിതാവായിരിക്കുമെന്നാണ്. അവർ എന്നെ മാത്രം ഓഫീസിലേയ്ക്ക് വിളിപ്പിച്ചു. എന്റെ മകൻ മരണപ്പെട്ടുവെന്ന വാർത്ത അവർ എന്നോട് പറഞ്ഞു. അതെ ,തീർച്ചയായും അവൻ എന്റെ മകനായിരിന്നു. എന്റെ ആത്മീയ പുത്രൻ. ഞാൻ അവരോട് മൃതശരീരം എവിടെയെന്ന് അന്വേഷിച്ചു. മോർച്ചറിയിൽ സൂക്ഷിക്കുവാൻ അടുത്തൊരു ആശുപത്രിയിലേയ്ക്ക് മാറ്റിയ വിവരം അവർ എന്നോടു പറഞ്ഞു.

ഈ അസുഖകരമായ വാർത്ത അവന്റെ മാതാവിനോട് പറയാൻ ഞാൻ വളരെ ബുദ്ധിമുട്ടി. എന്നാൽ അല്ലാഹുവിന്റെ കൃപയാൽ ആത്മീയ നൈതികതയുടെ വെളിച്ചത്തിൽ എനിയ്ക്കതിനു കഴിഞ്ഞു. തീർച്ചയായും ഈ വാർത്ത ആ മാതാവിനും ജമാഅത്ത് കുടുംബാംഗങ്ങൾക്കും വളരെ വേദന നല്കുകയുണ്ടായി. ജമാഅത്തിന്റെ സെക്രട്ടറി ജനറൽ ആയിട്ടും അവന്റെ പിതാവിനെ മാത്രം അവിടെയെങ്ങും, ആശ്ചര്യകരമെന്നു പറയട്ടെ, കാണാനില്ലായിരുന്നു. അഹ്മദികളും അന്യമതസ്ഥരും ഉൾപ്പെടെ എല്ലാവരും ടെലഫോൺ സന്ദേശങ്ങളിലൂടെ ആ മരണവാർത്തയറിഞ്ഞു, എന്നിട്ടും അവന്റെ പിതാവ് വന്നില്ല. പിതാവും ജോലിചെയ്യുന്ന സ്ഥാപനത്തിൽ തന്നെ പണിയെടുക്കുന്ന മറ്റൊരാൾ പറഞ്ഞത് ശ്രദ്ധിക്കുക. ഓഫീസ് സമയം നാലുമണിവരെയണെങ്കിലും,ഈ പിതാവ് അന്നേദിവസം 5.30 നും അവിടെത്തന്നെയുണ്ടായിരുന്നു. ഫോണിൽ സംസാരിച്ച് അങ്ങനെ ഇരിയ്ക്കുന്നു.

കുടുംബാംഗങ്ങളുടെ അനുഭവത്തിൽ, ഈ പിതാവ് ഒരിയ്ക്കലും ജോലികഴിഞ്ഞ് വീട്ടിലെത്താൻ താമസിക്കാറില്ല. നാലരമണിയോടെ പതിവായ് വീട്ടിലെത്താറുണ്ട്. മകൻ മരണപ്പെട്ട ദിവസം, ഈ പിതാവ് വീട്ടിലെത്തിയത് രാത്രി എട്ടരമണികഴിഞ്ഞ്. മരണാനന്തരചടങ്ങുകൾക്കായി വീട് ഒഴിഞ്ഞ നേരത്ത് കുടുംബാംഗങ്ങളും, മറ്റു ബന്ധുക്കളും ഇയാൾ എവിടെയാണ് എന്നാലോചിച്ച് വിഷമിച്ചു. ഇയാൾ മരണത്തെപ്പറ്റി അറിഞ്ഞോ ഇല്ലായോ എന്നാലോചിച്ച്, ആളുകൾ ഇയാൾക്ക് മനോവിഷമം നേരിടാൻ കഴിയുമോ എന്ന് കുണ്ഠിതപ്പെട്ടു. എന്നാൽ മറിച്ച്, സാഹചര്യത്തെക്കുറിച്ച് അയാൾക്ക് വ്യക്തമായ അറിവുണ്ടായിരുന്നു. അങ്ങനെ, അയാൾ ഓഫീസിൽ തന്നെ ഇരുന്നു വ്യക്തികളെ ഫോണിൽ വിളിച്ച് മകന്റെ കബറടക്കം ജമാഅത്തെ അഹമദിയ്യായുടെ നേതൃത്വത്തിൽ, മകന്റെ മാതൃപിതാമഹന്റെ വീട്ടിൽ വച്ചായിരിക്കും നടത്തുക എന്നറിയിച്ചു. എന്തെന്നാൽ, ആ പിതാമഹൻ അഹ്മദിയ്യാ ജമാഅത്ത് അംഗമായിരുന്നു.

അതേസമയം, മരണവീട്ടിൽ, അവന്റെ മാതാവും മറ്റു കുടുംബാംഗങ്ങളും മറ്റൊരു അഭിപ്രായം കൈക്കൊണ്ടു. മരണപ്പെട്ട യുവാവ്, ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമിനിൽ അംഗവും മുഹ്യിദ്ദീന്റെ ശിഷ്യനുമാണ്. കൂടാതെ, അദ്ദേഹം ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമീനിലെ സജീവ പ്രവർത്തകനായിരുന്നു. അതു കൊണ്ട്, ജനാസ നമസ്ക്കാരത്തിനു നേതൃത്വം വഹിക്കേണ്ടത് മുഹ്യിദ്ദീൻ തന്നെയെന്നു തീരുമാനിച്ചു.

മരണപ്പെട്ട യുവാവിന്റെ ബന്ധുക്കൾ- മാതാവിന്റേയും പിതാവിന്റേയും കുടുംബാംഗങ്ങൾ ജമാഅത്തെ അഹമദിയ്യായിൽ അംഗങ്ങളാണ്. വീട്ടിലെത്തി അവർ പിതാവിനെ സ്വാധീനിച്ച്, മരണാനന്തര ചടങ്ങുകൾ ജമാഅത്തെ അഹ്മദിയ്യാ നേതാക്കളുടെ ഭാഗമായി നടത്താൻ ചരടുവലിച്ചു. ഈ പിതാവ് ജമാഅത്തെ അഹ്മദിയ്യാ നേതൃത്വത്തോട് ചായ്‌വുള്ള ആളാണെന്ന് അവർ മനസ്സിലാക്കി. ശരീരം ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്ലിമീനിൽ ആയിരിക്കുമ്പോൾ തന്നെ, അയാൾ ഹൃദയം കൊണ്ട് ജമാഅത്തെ അഹ്മദിയ്യായിൽ തന്നെയാണ് എന്ന് അവർ ഊഹിച്ചു. ജമാഅത്തെ അഹ്മദിയ്യായ്ക്കു വേണ്ടി ചാരവൃത്തിചെയ്യുന്ന വ്യക്തിയെ അവർക്ക് നന്നായിട്ട് അറിയാമായിരുന്നു. ആ സന്ദർഭത്തിലും സ്ഥലത്തും ഉണ്ടായിരുന്നവർക്കറിയാം. മകനെ ജമാഅത്തെ അഹമദിയ്യായുടെ നേതൃത്വത്തിൽ, സംസ്കരിയ്ക്കാനുള്ള നിർദ്ദേശത്തെ എത്രപെട്ടെന്നാണ് ഈ പിതാവ് അംഗീകരിച്ചതെന്ന്.

എന്നാൽ, മരണപ്പെട്ട യുവാവിന്റെ മാതാവും മുതിർന്ന സഹോദരിയും അല്ലാഹുവിന്റെ സിംഹങ്ങളെപ്പോലെ ഉണർന്ന് പ്രവർത്തിച്ചു. എല്ലാവരുടേയും മുമ്പാകെ അവർ നയം വ്യക്തമാക്കി. ജനാസ നമസ്കാരം നിർവ്വഹിക്കുക. മുഹ്യിദ്ദീന്റെ നേതൃത്വത്തിലായിരിക്കും നമ്മുടെ ജമാഅത്ത് കബറടക്കം നടത്തും.

ജനാസ കുളിപ്പിക്കാൻ സമയം ആയപ്പോൾ, ഞാനും ജമാഅത്ത് അംഗങ്ങളും അതിനുവേണ്ടി തയ്യാറായി. കുടുംബാംഗം-രക്ത ബന്ധു എന്ന നിലയിൽ ചടങ്ങിനു സാക്ഷ്യം വഹിക്കാൻ ഞങ്ങൾ ആ പിതാവിനോട് അഭ്യർത്ഥിച്ചു. എന്നാൽ, അയാൾ അത് പൂർണ്ണമായും നിരാകരിച്ചു, മുടന്തൻ ന്യായങ്ങൾ പടച്ചുവിട്ട് മകന്റെ കാര്യങ്ങൾ മുഹ്യിദ്ദീന്റെ നേതൃത്വത്തിൽ നടക്കട്ടെ എന്നും പറയുകയുണ്ടായി.

ജമാ അത്തെ അഹ്മദിയ്യാ അൽ മുസ്‌ലിമീനിലെ എല്ലാ അംഗങ്ങളും ആ തണുത്ത രാത്രി മുഴുവൻ ഉണർന്നിരുന്നു. മുകർറം സഫറുല്ലാ ഡുമൂൻ സാഹിബിന്റെ നേതൃത്വത്തിൽ തഹജ്ജുദു നമസ്കാരം എല്ലാവരും നിർവ്വഹിച്ചു. അതിനുശേഷം എല്ലാവരും സുബ്ഹി നമസ്കാരം നടത്തി, ഖുർ ആൻ ദർസും ഉണ്ടായിരുന്നു. ഈ സന്ദർഭത്തിലൊന്നും ആ പിതാവ് സന്നിഹിതനായിരുന്നില്ല. അയാൾ ഉറങ്ങുകയായിരുന്നു.

പിറ്റേന്ന്, ശനിയാഴ്ച, ഇസ്ലാമികാചാര പ്രകാരം, മൃതദേഹത്തിൽ ശുഭ്രവസ്ത്രം ധരിപ്പിക്കാൻ തീരുമാനിച്ചു. മരണപ്പെട്ട യുവാവ് ഈ പിതാവിന്റെ ഏകപുത്രനായിരുന്നു. ആ നിലയിൽ, വെള്ള വസ്ത്രം ധരിപ്പിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു. വീണ്ടും അയാൾ പിന്തിരിഞ്ഞ് പിന്മാറി. മുഹ്‌യിദ്ദീനൊടൊപ്പം ജമാഅത്ത് അംഗങ്ങളാണ് ഈ കാര്യങ്ങൾ നിർവ്വഹിച്ചത്. അഹ്മദികളായ എല്ലാ കുടുംബാംഗങ്ങളും പിറകോട്ടുമാറി, അവർ ജനാസ നമസ്കാരത്തിൽ പങ്കെടുത്തില്ല. അവർ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നു. കബർസ്ഥാനിലേയ്ക്കുള്ള യാത്രാ മദ്ധ്യേ, എല്ലാവരും ഒരു കൈ സഹായം നല്കി; ഈ പിതാവ് ഒഴികെ.

അയാൾ ദൂരെ മാറിയിരുന്നു. മഞ്ചം എടുക്കാൻ കൂട്ടാക്കിയില്ല; അഹ്മദിയ്യാ ജമാ അത്തിലുള്ള തന്റെ കുടുംബാംഗങ്ങൾക്കൊപ്പം അയാൾ തിരിച്ചുവന്ന്, അവർക്കൊപ്പം ഇരുന്നു. ജമാ അത്തെ അഹ്മദിയ്യായിലെ ബന്ധുക്കൾക്കൊപ്പം അയാൾ കോഴിവിഭവങ്ങൾ യാതൊരു മനസ്താപവുമില്ലാതെ വെട്ടിവിഴുങ്ങുകയുണ്ടായി. അതേ സമയം, ജമാഅത്തെ അഹ്മദിയ്യാ അൽ മുസ്‌ലിമീൻ അംഗങ്ങളാകട്ടെ, തങ്ങളുടെ സഹോദരന്റെ വേർപാടിൽ വേദനിച്ച്, എന്തെങ്കിലും കഴിയ്ക്കാനുള്ള മാനസിക നിലപോലും ഇല്ലാതെ ഇരിക്കുകയായിരുന്നു. ഈ പിതാവാകട്ടെ, മുഹ്‌യിദ്ദീനെ ശത്രുവായി കരുതുന്ന വ്യക്തികൾക്കൊപ്പം, യാതൊരു പ്രയാസവും കൂടാതെ കോഴി പൊരിച്ചത് കഴിച്ചുകൊണ്ടിരുന്നു. അവർക്കൊപ്പം അയാൾ തീർച്ചയായും വളരെ ഈസി യായി കാണപ്പെട്ടു.

എന്നാൽ ഇപ്പോൾ, എന്നെപ്പറ്റി വ്യാജമായ ആരോപണങ്ങൾ എവിടെയും പരത്താൻ ഇവർക്ക് ലജ്ജയില്ല. അതുകൊണ്ട്, ലോകത്തിനു മുമ്പാകെ ചിലകാര്യങ്ങൾ വ്യക്തമായും എനിക്കു പറയേണ്ടി വന്നു. മറ്റു രാജ്യങ്ങളിൽ നിന്നാരും സാക്ഷികളല്ലാത്ത ഈ സംഭവങ്ങളുടെ യാഥാർത്ഥ്യം എന്തെന്ന് അവരും അറിയട്ടെ. ഇത്തരം വ്യാജ പ്രസ്താവനകളിലും വിഡ്ഢി കഥകളിലും കൂടി ജനങ്ങളെ വഞ്ചിയ്ക്കാൻ ആർക്കും കഴിയില്ല.

ഞാൻ പറഞ്ഞ കാര്യങ്ങൾ തെറ്റാണെന്ന് തെളിയിക്കാൻ വ്യാജ പ്രചാരകരെ ഞാൻ വെല്ലുവിളിക്കുകയാണ്. സംഭവിച്ച കാര്യങ്ങളുടെ ചുരുക്കമാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളത്. ഇൻശാ അല്ലാഹ് ഞാനീ വിഷയം തുടരുന്നതാണ്. കേരളത്തിൽ പ്രചരിപ്പിക്കാൻ ശ്രമിച്ച രണ്ടാമത്തെ ആരോപണം അപ്പോൾ ചർച്ച ചെയ്യാം, ഇ.അ.


<u>Issued By</u>

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*

<u>Translated by</u>

**Fazil Jamal**